പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2167 — 11.06.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## സർക്കാർ ആശുപത്രികളിലെ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ

| | ചോദ്യം<br>ശ്രീ.എം.ഉമ്മർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വിവിധ സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കാൻ കഴിയാതെ കെട്ടിടങ്ങൾ ഒഴിഞ്ഞു കിടപ്പുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) & (ബി) | സംസ്ഥാനത്തെ പ്രാഥമിക/സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ആശുപത്രിയായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നില്ല. എന്നാൽ ആശുപത്രി കോമ്പൗണ്ടിൽ ഒഴിഞ്ഞു കിടക്കുന്ന മറ്റ് കെട്ടിടങ്ങൾ ആർദ്രം പദ്ധതിയുടെ ഭാഗമായി ഫലവത്തായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾ കണ്ടെത്തി ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി ജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം.-ന്റെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ കെട്ടിടങ്ങൾ പ്രവർത്തനയോഗ്യമാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | | |
| (സി) | ജീവനക്കാരുടെ കുറവു മൂലം അടച്ചിട്ടിരിക്കുന്ന കെട്ടിടങ്ങൾ സംബന്ധിച്ച വിശദവിവരം നൽകുമോ? | (സി) | **അഗളി സി.എച്ച്.സി.**<br>അഗളി സി.എച്ച്.സി.യിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച് എക്സ്-റേ ടെക്നീഷ്യന്റെ കുറവ് മൂലം 28.02.2014 മുതൽ എക്സ്-റേ യൂണിറ്റ് പ്രവർത്തിക്കുന്നില്ല.<br>**വടക്കാഞ്ചേരി സി.എച്ച്.സി.**<br>വടക്കാഞ്ചേരി സി.എച്ച്.സി.യിൽ വൃദ്ധൻമാരുടെ വാർഡ് 2014-15 സാമ്പത്തിക വർഷത്തിൽ പണി കഴിപ്പിച്ചെങ്കിലും ജീവനക്കാരുടെ അഭാവം മൂലം പ്രവർത്തിക്കുന്നില്ല.<br>**താനൂർ സി.എച്ച്.സി എക്സ്റേ കെട്ടിടം**<br>ടി.ബി.വാർഡായും തുടർന്ന് 2006 |

| | | | |
|---|---|---|---|
| | | | മുതൽ വനിതാ കാന്റീനായും പ്രവർത്തിച്ചിരുന്ന കെട്ടിടം എക്സ്റേ യൂണിറ്റ് ആയി പ്രവർത്തിപ്പിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 28.05.2012-ൽ ടി കെട്ടിടത്തിന്റെ ഒരു ഭാഗം ഇതിലേക്കായി മെയിന്റനൻസ് നടത്തുകയും ചെയ്തു. എന്നാൽ എക്സ്-റേ മെഷീൻ ജീവനക്കാർ ഇല്ലാത്തതിനാൽ പ്രസ്തുത കെട്ടിടം ഉപയോഗിക്കാതെ കിടക്കുന്നു.<br>**ഓപ്പറേഷൻ തീയേറ്റർ**<br>സി.എച്ച്.സി.യിൽ സ്പെഷ്യാലിറ്റി കേഡർ ഇല്ലാത്തതിനാൽ 17.09.2010 മുതൽ ടി കെട്ടിടം ഉപയോഗിക്കാതെ കിടക്കുന്നു. |

സെക്ഷൻ ഓഫീസർ